Publication: Madhyamam
Date: 16-03-10
Page No. 10
Headline: Corrugated Box Manufacturing Units on the Verge of Closure

# കടലാസ് പെട്ടി നിർമാണ യൂനിറ്റുകൾ അടച്ചുപൂട്ടൽ ഭീഷണിയിലെന്ന്

കൊച്ചി: ക്രാഫ്റ്റ് പേപ്പറിൻെറ അമിത വിലക്കയറ്റം മൂലം കൊറുഗേറ്റഡ് ബോക്സ് (കടലാസ് പെട്ടി) നിർമാണ യൂനിറ്റുകൾ അടച്ചുപൂട്ടൽ ഭീഷണിയിൽ. വിലക്കയറ്റം മൂലം ഉൽപ്പാദനച്ചെലവിലുണ്ടായ 25 ശതമാനം വർധനക്ക് പുറമെ പേപ്പർ മില്ലുകൾ മറ്റൊരു വിലവർധനക്കുകൂടി ഒരുങ്ങുകയാണെന്ന് ഇന്ത്യൻ കൊറുഗേറ്റഡ് കെയ്സ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ (ഐ.സി.സി.എം.എ) പ്രസിഡൻറ് കീർത്തി മോഡി പറഞ്ഞു.

സ്റ്റാർച്ച്, സ്റ്റിച്ചിങ് വയർ എന്നിവയുടെ വിലയും തൊഴിലാളികളുടെ വേതനവും ഒരു വർഷത്തിനകം വൻതോതിൽ വർധിച്ചു. പാഴ് കടലാസുകൾ റീസൈക്കിൾ ചെയ്ത് കിട്ടുന്ന ഫൈബറിൽനിന്നാണ് ക്രാഫ്റ്റ് പേപ്പർ നിർമിക്കുന്നത്. മരത്തിൻെറ ഉപയോഗം ഒഴിവാക്കുന്നുണ്ട്. പേപ്പർ മില്ലുകൾ മുന്നറിയിപ്പില്ലാതെ വൻതോതിൽ വില വർധിപ്പിക്കുകയും ഉടനടി നടപ്പാക്കുകയും ചെയ്യുന്നതാണ് ഏറ്റവും വലിയ പ്രശ്നം.

ക്രാഫ്റ്റ് പേപ്പർ നിർമാണത്തിനാവശ്യമായ ഫൈബറിന് ആഗോളതലത്തിൽ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ക്രാഫ്റ്റ് പേപ്പർ കസ്റ്റംസ് തീരുവയില്ലാതെ ഇറക്കുമതി ചെയ്യാനനുവദിക്കണമെന്ന് കേന്ദ്ര വാണിജ്യ -വ്യവസായ മന്ത്രാലയത്തോട് അഭ്യർഥിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.